# വ്യവസായ കേരളം

54

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 DECEMBER 2023


# ഇന്ത്യ ഇന്റർനാഷനൽ ട്രേഡ് ഫെയർ 2023 പുരസ്കാര നിറവിൽ കേരള സംസ്ഥാന ബാംബൂ മിഷൻ

## കേരള പവിലിയനിലെ വ്യാപാര സ്റ്റാളുകളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി

ന്യൂഡൽഹിയിൽ സംഘടിപ്പിച്ച രാജ്യാന്തര വ്യാപാര മേള (IITF 2023) യിൽ പുരസ്കാര നിറവിൽ കേരള സംസ്ഥാന ബാംബൂ മിഷൻ. IITF 2023ൽ ശ്രദ്ധേയ സാന്നിധ്യം അറിയിച്ച കേരള പവിലിയനിൽ പങ്കെടുത്ത വിവിധ വകുപ്പുകളിൽ നിന്നുമാണ് കേരള സംസ്ഥാന ബാംബൂ മിഷൻ വ്യാപാര സ്റ്റാളുകളിൽ ഒന്നാം സ്ഥാനം സ്വന്തമാക്കിയത്. കേരളത്തിലെ മുള കരകൗശല കലാകാരന്മാർ അണിനിരന്ന സ്റ്റാളുകൾ ഉത്പന്ന വൈവിധ്യം കൊണ്ടും സന്ദർശക ബാഹുല്യം കൊണ്ടും ഏറെ പ്രശംസ പിടിച്ചുപറ്റിയിരുന്നു. പാലക്കാട്, വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്നുമായി 6 മുള കരകൗശല കലാകാരന്മാരാണ് കേരളത്തെ പ്രതിനിധീകരിച്ച് രാജ്യാന്തര വ്യാപാരമേളയിൽ പങ്കെടുത്തത്.

ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിന്റെ (ഐഐടിഎഫ്) 42-ാമത് എഡിഷനാണ് ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്ത് 2023 നവംബർ 14 മുതൽ 27 വരെ സംഘടിപ്പിച്ചത്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി പാർട്ണർ സ്റ്റേറ്റായാണ് കേരളം ഇത്തവണ മേളയിൽ പങ്കെടുത്തത്. സംസ്ഥാന ചീഫ് സെക്രട്ടറി ഡോ.വി.വേണു ഐ.എ.എസ് ആയിരുന്നു നവംബർ 14 ന് കേരള പവിലിയൻ ഉദ്ഘാടനം നിർവഹിച്ചത്. കേരള സംസ്ഥാന ബാംബൂ മിഷന്റേ




തുൾപ്പെടെ കേരളത്തിൽ നിന്നുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരുടെ ഉത്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സ്റ്റാളുകൾ ക്രമീകരിച്ചിരുന്നു.

**'വസുധൈവ കുടുംബകം – യുണൈറ്റഡ് ബൈ ട്രേഡ്'** എന്ന തീമിലാണ് കേരളം പവിലിയൻ ഒരുക്കിയിരുന്നത്. പ്രാചീന കാലം മുതൽ കേരളവുമായുള്ള ലോക രാജ്യങ്ങളുടെ വ്യാപാരബന്ധവും സ്പൈസ് റൂട്ടുമാണ് പവിലിയനിലെ ദൃശ്യങ്ങൾ. 624 ചതുരശ്രയടിയിൽ 44 സ്റ്റാളുകളാണ് പവിലിയനിൽ സജ്ജീകരിച്ചത്. ഇതിൽ 10 തീം സ്റ്റാളുകളും 34 വാണിജ്യ സ്റ്റാളുകളുമുണ്ട്. ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ സംഘടിപ്പിക്കുന്ന മേളയ്ക്ക് പാരീസിലെ യൂണിയൻ ഫെയർ ദെ ഇന്റർനാഷണലിന്റെ അംഗീകാരമുണ്ട്. ലോകത്തിലെ ഏറ്റവും വലിയ വ്യാപാരമേളകളിൽ ഒന്നായാണ് IITF പരിഗണിക്കപ്പെടുന്നത്.

# വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും ഉത്തരവാദിത്ത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുമായി രണ്ട് പുതിയ വെബ് പോർട്ടലുകൾ




കേരളത്തിലേക്ക് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും ഉത്തരവാദിത്ത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് ഇൻവെസ്റ്റ് കേരള invest.kerala.gov.in കേരള റെസ്പോൺസിബിൾ ഇൻഡസ്ട്രി ഇൻസെൻറീവ് സ്കീം kriis.kerala.gov.in എന്നീ രണ്ട് പോർട്ടലുകൾ ആരംഭിച്ചു. കേരളത്തിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്നവർക്ക് എന്തെല്ലാം വിവരങ്ങൾ ആവശ്യമാണോ അതെല്ലാം ഒരു സൈറ്റിൽ തന്നെ ഉപഭോക്തൃ സൗഹൃദമായി ഇൻവെസ്റ്റ് കേരള പോർട്ടലിൽ (invest.kerala.gov.in) ക്രമീകരിച്ചിട്ടുണ്ട്. സംരംഭം ആരംഭിക്കുന്നതിനും സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും ഇത് സഹായകമാണ്. നിക്ഷേപവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും സംരംഭകർക്ക് സഹായം ലഭിക്കുന്നതിനും സംശയങ്ങൾക്ക് മറുപടി ലഭിക്കുന്നതിനും ഇതിലൂടെ സാധിക്കും.

2023 ലെ കേരള വ്യവസായ നയത്തിൽ പ്രഖ്യാപിച്ച 'ഉത്തരവാദിത്ത നിക്ഷേപം, ഉത്തരവാദിത്ത വ്യവസായം' പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായാണ് കേരള റെസ്പോൺസിബിൾ ഇൻഡസ്ട്രി ഇൻസെൻറീവ് സ്കീം പോർട്ടൽ (kriis.kerala.gov.in) വികസിപ്പിച്ചിട്ടുള്ളത്. ഇവിടെയുള്ള മനുഷ്യവിഭവശേഷി ഉപയോഗിക്കാനുതകുന്ന വ്യവസായങ്ങൾക്കാണ് കേരളത്തിൽ മുൻഗണന. അത്തരം വ്യവസായങ്ങൾക്ക് പ്രത്യേക ഇൻസെൻറ്റീവ്സ് നൽകാൻ കഴിയുംവിധമാണ് പോർട്ടലുകൾ വികസിപ്പിച്ചിരിക്കുന്നത്. ഇതിലൂടെ നിക്ഷേപകർക്ക് വ്യവസായ പ്രോത്സാഹന പദ്ധതികൾ പ്രയോജനപ്പെടുത്താൻ സാധിക്കും. രണ്ട് പോർട്ടലുകളും കേരളത്തിന്റെ വ്യവസായ വളർച്ചയിൽ മുതൽക്കൂട്ടാകുമെന്നും കേരളത്തിലെ സംരംഭക സമൂഹം മികച്ച രീതിയിൽ ഈ അവസരം ഉപയോഗിക്കുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

## 50 കോടി രൂപ വരെ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് കെ – സ്വിഫ്റ്റ് താൽക്കാലിക കെട്ടിട നമ്പർ അനുവദിക്കും

അൻപതു കോടി രൂപ വരെ നിക്ഷേപം നടത്തി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് തടസ്സമില്ലാതെ പ്രവർത്തിക്കാൻ വ്യവസായ വകുപ്പിന്റെ പോർട്ടലായ കെ സ്വിഫ്റ്റ് വഴി താൽക്കാലിക കെട്ടിട നമ്പർ അനുവദിക്കും. ഇതിനുള്ള ചട്ടം ഭേദഗതി ചെയ്തത് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. 2020 ലെ കേരള സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയാണു പുതിയ വിജ്ഞാപനമിറക്കിയത്.

കെ സ്വിഫ്റ്റിന്റെ അംഗീകാരമുള്ള സംരംഭങ്ങൾക്ക് മൂന്നുവർഷം വരെ മറ്റൊരു അനുമതിയുമില്ലാതെ പ്രവർത്തിക്കാമെന്ന് നേരത്തെ തന്നെ വ്യവസ്ഥയുണ്ട്. വായ്പ നേടുന്നതിനുൾപ്പെടെ കെട്ടിട നമ്പർ ആവശ്യമായതിനാൽ കെ സ്വിഫ്റ്റ് മുഖേന താൽക്കാലിക കെട്ടിട നമ്പർ അനുവദിക്കാനാണു ചട്ട ഭേദഗതി വ്യവസ്ഥ ചെയ്യുന്നത്. കൂടുതൽ വിവരങ്ങൾക്ക് www.kswift.kerala.gov.in സന്ദർശിക്കുക.

## സ്വകാര്യ വ്യവസായ പാർക്കുകൾക്ക് നിക്ഷേപകരിൽ നിന്ന് മികച്ച പ്രതികരണം

സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് നിക്ഷേപകരിൽ നിന്ന് മികച്ച പ്രതികരണം ലഭിക്കുന്നു. കേരളത്തിലെ ആദ്യ സ്വകാര്യ വ്യവസായ പാർക്കിന്റെ ഉദ്ഘാടനം 2023 നവംബർ 13 ന് പാലക്കാട് പുതുശേരി കനാൽ പിരിവിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു. പത്ത് ഏക്കർ സ്ഥലം ഉള്ളവർക്ക് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ അനുവാദം നൽകുന്ന നയം കഴിഞ്ഞ ആഗസ്റ്റിലാണ് സർക്കാർ പ്രഖ്യാപിച്ചത്. ചുരുങ്ങിയ സമയത്തിനുള്ളിൽ 15 നിക്ഷേപകരാണ് പാർക്കുകൾ സ്ഥാപിക്കാൻ മുന്നോട്ടുവന്നത്. 2024 ജനുവരി മാസത്തോടെ 15 പുതിയ സ്വകാര്യ പാർക്കുകൾക്ക് കൂടി അനുമതി നല്കുന്നതിനാണു വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്. ഇതോടെ മൊത്തം പാർക്കുകളുടെ എണ്ണം മുപ്പതായി ഉയരും.

സർക്കാർ ഉടമസ്ഥതയിലുള്ള പാർക്കുകൾക്ക് പുറമെ സംരംഭകർക്ക് ആവശ്യത്തിനനുസരിച്ച് സ്ഥലം ലഭ്യമാക്കി ആകർഷിക്കാൻ കഴിയുമെന്നതിനാലാണ് സ്വകാര്യ



നിക്ഷേപകരെയും ഈ രംഗത്തേക്ക് ആകർഷിക്കുന്നത്. ഇതോടൊപ്പം സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് ചേർന്ന് വിദ്യാർത്ഥികളുടെ സേവനങ്ങളും ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ ക്യാമ്പസ് വ്യവസായ പാർക്കുകൾ തുടങ്ങാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയിൽ പങ്കാളികളാകാൻ മുപ്പത് എൻജിനിയറിംഗ് കോളേജുകളും മൂന്ന് പ്രധാന സർവകലാശാലകളും താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കലാലയങ്ങളോട് ചേർന്ന് അഞ്ച് ഏക്കർ സ്ഥലമുണ്ടെങ്കിൽ ക്യാമ്പസ് വ്യവസായ പാർക്കുകൾ തുടങ്ങാൻ അനുമതി ലഭിക്കും.

### സംരംഭം ലക്ഷ്യമിടുന്നവർക്കായി സഹായ പദ്ധതി

## നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്

**സംരംഭകർ അറിയാൻ**

ഉത്പാദന മേഖലയിലും, സേവന മേഖലയിലും ആകെ മുതൽമുടക്ക് 10 ലക്ഷം രൂപ വരെയുള്ള സംരംഭങ്ങൾക്കായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കി വരുന്ന ഒരു വായ്പാ ബന്ധിത പദ്ധതിയാണ് നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി.

10 ലക്ഷം രൂപ വരെ പദ്ധതിച്ചെലവ് വരുന്ന യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രയോജനപ്പെടും. അപേക്ഷകന്റെ വിഭാഗം അനുസരിച്ച് 30 ശതമാനം മുതൽ 40 ശതമാനം വരെ മാർജിൻ മണി ഗ്രാന്റ് ലഭിക്കും. സ്ത്രീകൾ, ചെറുപ്പക്കാർ, ഭിന്നശേഷിയുള്ളവർ, വിമുക്തഭടന്മാർ, പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവർക്ക് 10% അധിക സഹായം ലഭിക്കും. വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതിയുടെ 30%



ഗുണഭോക്താക്കൾ വനിതകൾ ആയിരിക്കണം എന്നും നിഷ്കർഷിക്കുന്നു. പദ്ധതി പ്രകാരം ഒരു യൂണിറ്റിനുള്ള പരമാവധി സഹായം നാലു ലക്ഷം രൂപ ആയിരിക്കും.

അപേക്ഷകന് ജില്ലാ വ്യവസായ കേന്ദ്രത്തിൽ നേരിട്ടോ ഓൺലൈൻ ആയോ ഈ പദ്ധതിയ്ക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് www. industry.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ഒരു സംരംഭകൻ പിറന്ന കഥ 04




പ്രധാനമന്ത്രിയുടെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി, പാലക്കാട് ജില്ലയിലെ കോങ്ങാട് ഗ്രാമപഞ്ചായത്തിൽ കോങ്ങാട്, വ്യവസായ വകുപ്പിന്റെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കോങ്ങാട് ബ്രാഞ്ചിന്റെയും സഹകരണത്തോടെ വനിതാ സംരംഭക ശ്രീമതി രജനിയുടെ നേതൃത്വത്തിൽ കലർപ്പില്ലാത്ത, ശുദ്ധവും സുരക്ഷിതവുമായ ഭക്ഷണകൂട്ടുകൾ ഉത്പാദിപ്പിക്കുന്ന ABHIS FOOD PRODUCTS എന്ന സ്ഥാപനം 2023 നവംബർ 13 ന് പ്രവർത്തനമാരംഭിച്ചു. ചപ്പാത്തി, അരിപ്പൊടി, ഇടിയപ്പപ്പൊടി, പുട്ടുപൊടി തുടങ്ങി വിവിധ ഭക്ഷണ കൂട്ടുകളാണ് നിലവാരമനുസരിച്ചുള്ള കൃത്യമായ ഗുണമേന്മ നിഷ്കർഷങ്ങളോടെ ഈ സംരംഭത്തിന് കീഴിൽ മാർക്കറ്റിൽ എത്തിക്കുന്നത്.

വ്യവസായ സംബന്ധമായ സംശയങ്ങൾക്കും അപേക്ഷകൾക്കും

**സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഒഫീഷ്യൽ വെബ്സൈറ്റ് സന്ദർശിക്കുക**

**industry.kerala.gov.in**



Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.